"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യസംസ്കരണം-ബൽക്ക് വേസ്റ്റ് ജനറേറ്റേർസ് പാലിക്കേണ്ട കടമകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.631/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.02.2024-ലെ 1021/C1/2024/SM നമ്പർ കത്ത്.

**ഉത്തരവ്**

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ബൽക്ക് വേസ്റ്റ് ജനറേറ്റേർസ് പാലിക്കേണ്ട കടമകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച്, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I)/ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 16-03-2024 15:00:52
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

## അനുബന്ധം

## വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്നവർ പാലിക്കേണ്ട കടമകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം

### 1 . ആമുഖം

2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4 മാലിന്യം ഉത്പ്പാദിപ്പിക്കുന്നവരുടെ കടമകളും ഉത്തരവാദിത്തങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നു. വലിയതോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർ പാലിക്കേണ്ട രീതികളും ഈ ചട്ടത്തിലും നിർവചനത്തിലും അടങ്ങിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് വേണ്ടി സർക്കാർ 2024-ൽ കേരള മുനിസിപ്പലിറ്റി നിയമവും കേരള പഞ്ചായത്ത് രാജ് നിയമവും ഭേദഗതി ചെയ്യുകയുണ്ടായി. നിയമലംഘകർക്കു പിഴയും തടവും ഉൾപ്പടെ കർശന വ്യവസ്ഥകൾ ഭേദഗതിയിലൂടെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമം നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു.

### 1.1 വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്നവർ - നിർവചനം

കേന്ദ്ര - സംസ്ഥാന ഗവണ്മെന്റിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ, പൊതുമേഖലാ സ്ഥാപനങ്ങളുടെയോ, സ്വകാര്യ കമ്പനികളുടെയോ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ആശുപത്രികൾ, നഴ്സിങ് ഹോമുകൾ, സ്കൂളുകൾ, കോളേജുകൾ, യൂണിവേഴ്സിറ്റികൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ, സ്റ്റേഡിയങ്ങൾ, സ്പോർട്സ് സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശരാശരി 100 കിലോഗ്രാം മാലിന്യം പ്രതിദിനം ഉത്പ്പാദിപ്പിക്കുന്നുണ്ടെങ്കിൽ അവയെ വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്നവരായി (Bulk Waste Generator ) കണക്കാക്കാം. (2016 ലെ ഖര മാലിന്യ പരിപാലന ചട്ടം)

2016 ലെ ഖരമാലിന്യ പരിപാലന ചട്ടം ഖണ്ഡിക 4 ൽ 6, 7, 8 ഉപ ഖണ്ഡികകൾ പ്രകാരം താഴെപ്പറയുന്നവരും മാലിന്യ സംസ്കരണ നടപടികൾ സ്വീകരിക്കണമെന്ന് നിർഷ്കർച്ചിരിക്കുന്നു.

1. എല്ലാ റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകളും മാർക്കറ്റ് അസോസിയേഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൽപ്പാദകർ തന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഉറവിടത്തിൽ തരംതിരിക്കുകയും ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്നവർക്കു കൈമാറുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിച്ചശേഷം അവശേഷിക്കുന്നത് തദ്ദേശ സ്വയംഭരണ

സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ കയ്യൊഴിയണം

2. ഗേറ്റഡ് കോളനികളും സ്ഥാപനങ്ങളും അവ സ്ഥിതി ചെയ്യുന്നത് 5000 സ്ക്വയർ മീറ്ററിൽ കൂടുതലാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൽപ്പാദകർ തന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഉറവിടത്തിൽ തരംതിരിക്കുകയും ജൈവ മാലിന്യം ഉറവിടത്തിൽ കമ്പോസ്റ്റിംഗിലൂടെയോ ബയോമെത്തനേഷനിലൂടെയോ സംസ്കരിക്കുകയും അജൈവമാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്നവർക്കു കൈമാറുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിച്ചശേഷം അവശേഷിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ കയ്യൊഴിയണം.

3. എല്ലാ ഹോട്ടലുകളും റസ്റ്റോറന്റുകളും ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉറവിടത്തിൽ തരംതിരിക്കുകയും ജൈവ മാലിന്യം കമ്പോസ്റ്റിംഗിലൂടെയോ ബയോമെത്തനേഷനിലൂടെയോ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്നവർക്കു കൈമാറുകയും ചെയ്യണം. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിച്ചശേഷം അവശേഷിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ കയ്യൊഴിയണം.

### 1.2 കേരള മുനിസിപ്പാലിറ്റി നിയമം

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമ പ്രകാരം താഴെപ്പറയുന്ന നിയമങ്ങൾ വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർക്കു ബാധകമാണ്.

**326സി.** (1)ാം വകുപ്പിൽ വേർതിരിച്ച മാലിന്യം മുനിസിപ്പാലിറ്റിക്കോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്തവും (2)-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിന്റെയും മേൽ ചുമത്താവുന്ന പിഴയും നിഷ്കർഷിച്ചിരിക്കുന്നു.

327.- ാം വകുപ്പിൽ ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും ബിന്നുകളോ സംഭരണികളോ സജ്ജീകരിക്കേണ്ടതിനും ചട്ടങ്ങളിലോ ബൈലോകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കേണ്ടതിനും മാലിന്യ ഉൽപാദകർക്കുള്ള ചുമതലകൾ നിഷ്കർഷിച്ചിരിക്കുന്നു.

**329-ാം** വകുപ്പിൽ ഓരോ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ വീടുകളിൽ നിന്നും ജനവാസ കേന്ദ്രങ്ങളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് വാസേതര പരിസരങ്ങളിൽ നിന്നും ബഹുനില കെട്ടിടങ്ങൾ, വലിയ വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, പാർപ്പിട സമുച്ചയങ്ങൾ മുതലായവയുടെ കാര്യത്തിൽ പ്രവേശന കവാടത്തിൽ നിന്നോ സെക്രട്ടറി പൊതു നോട്ടീസിനാൽ നിഷ്കർഷിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥലങ്ങളിൽ നിന്നോ വേർതിരിച്ച മാലിന്യങ്ങൾ വാതിൽപ്പടി

ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പാടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

**1.3 കേരള പഞ്ചായത്ത് രാജ് നിയമം**

2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമ പ്രകാരം താഴെപ്പറയുന്ന നിയമങ്ങൾ വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർക്കു ബാധകമാണ്.

**219എസി.** (1) —ാ‍ാം വകുപ്പിൽ വേർതിരിച്ച മാലിന്യം ഗ്രാമപഞ്ചായത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്തവും (2)-ാ‍ാം വകുപ്പിൽ (1)-ാ‍ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിന്റെയും മേൽ ചുമത്താവുന്ന പിഴയും നിഷ്കർഷിച്ചിരിക്കുന്നു.

219.ബി. വകുപ്പിൽ ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും ബിന്നുകളോ സംഭരണികളോ സജ്ജീകരിക്കേണ്ടതിനും ചട്ടങ്ങളിലോ ബൈലോകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കേണ്ടതിനും മാലിന്യ ഉൽപാദകർക്കുള്ള ചുമതലകൾ നിഷ്കർഷിച്ചിരിക്കുന്നു.

**219 ഡി** വകുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തും ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ വീടുകളിൽ നിന്നും ജനവാസ കേന്ദ്രങ്ങളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് വാസേതര പരിസരങ്ങളിൽ നിന്നും ബഹുനില കെട്ടിടങ്ങൾ, വലിയ വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, പാർപ്പിട സമുച്ചയങ്ങൾ മുതലായവയുടെ കാര്യത്തിൽ പ്രവേശന കവാടത്തിൽ നിന്നോ സെക്രട്ടറി പൊതു നോട്ടീസിനാൽ നിഷ്കർഷിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥലങ്ങളിൽ നിന്നോ വേർതിരിച്ച മാലിന്യങ്ങൾ വാതിൽപ്പടി ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പാടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

**2.0 വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവരെ മാലിന്യ സംസ്കരണ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്വീകരിക്കേണ്ട നടപടികൾ**

1. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്ന വരെ കണ്ടെത്തി പട്ടികപ്പെടുത്തണം

2. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമം സെക്ഷൻ 326 സി ( 1 ), 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 219എസി (1) പ്രകാരമുള്ള പൊതുനോട്ടീസ് നൽകണം . നിയമം അനുശാസിക്കുന്ന ശിക്ഷ നടപടി വ്യക്തമാക്കണം.

3. ഖര മാലിന്യം സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനുള്ള ഉത്പ്പാദകരുടെ ചുമതലകൾ പ്രതിപാദിച്ചിട്ടുള്ളത് എല്ലാ മാലിന്യ ഉൽപ്പാദകരെയും അറിയിക്കണം.

4. ജൈവ - അജൈവ മാലിന്യവും അപകടകരമായ ഗാർഹീക മാലിന്യവും സാനിറ്ററി

മാലിന്യവും വേർതിരിച്ച് സംഭരിക്കുന്നതിനു ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിനാനുപാതികമായി സംഭരണികളുടെ അളവ് നിശ്ചയിച്ച് നൽകണം

5. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടം നിർദ്ദേശിക്കുന്ന പ്രകാരം ജൈവമാലിന്യം പച്ച നിറത്തിലും അജൈവ മാലിന്യം വെള്ള നിറത്തിലും ആപത്ക്കരമായ മാലിന്യം കറുത്ത നിറത്തിലും പെയിന്റ് അടിച്ച ബിന്നുകളിൽ നിക്ഷേപിക്കണം (Rule 15 (h) SWM റൂൾസ് 2016)

6. സാനിറ്ററി മാലിന്യം, മാലിന്യം ശേഖരിക്കുന്നതിനും കടത്തുന്നതിനും നിയോഗിച്ചിട്ടുള്ള ഏജൻസികൾ വിതരണം ചെയ്യുന്ന ബാഗുകളിൽ നിക്ഷേപിക്കണം

7. മാലിന്യ ഉൽപ്പാദകർ, മാലിന്യം ഉറവിടത്തിൽ തരം തിരിക്കുന്നുവെന്നും അതിൽ ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

8. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം മാലിന്യത്തിന്റെ അളവിന് ആനുപാതികമായ ശേഷിയുള്ളതാണോയെന്നു ഉറപ്പു വരുത്തണം.

9. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനു ഭൗതീക സാഹചര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത മാലിന്യവും ഉറവിട മാലിന്യ സംസ്കരണത്തിനുശേഷം അവശേഷിക്കുന്ന മാലിന്യവും സംസ്കരിക്കുന്നതിനു സംസ്കരണ സംവിധാനങ്ങളുള്ള സ്വകാര്യ ഏജൻസികളെ കണ്ടെത്തി പട്ടികപ്പെടുത്തുകയും അവരുടെ സേവനം മാലിന്യ ഉൽപ്പാദകർക്കു ലഭ്യമാക്കുകയും വേണം. ചെലവ് ഉൽപ്പാദകർ വഹിക്കുന്നതാണ്. ഇപ്രകാരം കണ്ടെത്തുന്ന ഏജൻസികളുമായി ഓരോ സ്ഥാപനവും കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറിന്റെ മാതൃക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്. ഏജൻസികളെ കണ്ടെത്തുന്നതിന് ശുചിത്വ മിഷന്റെയും ക്ലീൻ കേരള കമ്പനിയുടെയും സേവനം പ്രയോജനപ്പെടുത്താം.

10. ജൈവ മാലിന്യം, ദ്രവ മാലിന്യം, സാനിറ്ററി മാലിന്യം എന്നിവ സംസ്കരിക്കുന്നതിനു വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ സംയുക്തമായി സംവിധാനങ്ങൾ ഒരുക്കുന്നതിന് തയ്യാറായാൽ അവർക്കു വേണ്ട സാങ്കേതികവും നിയമപരവുമായ സഹായങ്ങൾ ചെയ്തു കൊടുക്കണം

11. വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ ലൈസൻസ് അപേക്ഷ (പുതിയതിനും പുതുക്കുന്നതിനും) നൽകുമ്പോൾ ഖര - ദ്രവ - സാനിറ്ററി മാലിന്യങ്ങളുടെ പരിപാലനം സംബന്ധിച്ച റിട്ടേൺ നിശ്ചിത ഫാറത്തിൽ നൽകുന്നതിന് ബാധ്യസ്ഥരാണ്. ഇത് കൃത്യമായി നല്കുന്നുണ്ടോയെന്നു പരിശോധിക്കുകയും ഉള്ളടക്കം സത്യസന്ധമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

**3.0 വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്നവരുടെ കടമകളും ഉത്തവാദിത്വവും**

1. എല്ലാ റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകളും മാർക്കറ്റ്

അസോസിയേഷനുകളും, ഗേറ്റഡ് കമ്മ്യൂണിറ്റികളും സ്ഥാപനങ്ങളും, ഹോട്ടലുകളും റസ്റ്റോറന്റുകളും മാളുകൾ തുടങ്ങി ഖണ്ഡിക 1 .1 ൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ഓഫീസുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ മാലിന്യം ഉറവിടത്തിൽ തരംതിരിക്കുന്നുവെന്നും, തരംതിരിച്ചതിൽ ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുണ്ടെന്നും ഉറപ്പുവരുത്തണം.

2. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനു ഭൗതിക സാഹചര്യം അനുവദിക്കുന്നില്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതോ ശുചിത്വ മിഷന്റെ അംഗീകാരമുള്ളതോ ആയ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടു ജൈവ മാലിന്യം കയ്യൊഴിയേണ്ടതാണ്.

3. അജൈവമാലിന്യം ശേഖരിക്കാനെത്തുന്ന ഹരിത കർമ്മ സേനക്ക് മാലിന്യം കയ്യൊഴിയുന്നുണ്ടെന്നും യൂസർഫീ കൃത്യമായി നൽകുന്നുണ്ടെന്നും ഉറപ്പുവരുത്തണം.

4. അസോസിയേഷന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന അംഗങ്ങളെ അസോസിയേഷന്റെ ഭരണ സമിതി യോഗത്തിലേക്ക് ക്ഷണിച്ചു മാലിന്യ പരിപാലന പ്രവർത്തനങ്ങൾ വിലയിരുത്തണം. പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കണം.

5. അയ്യായിരം സ്ക്വയർ മീറ്ററിൽ കൂടുതൽ സ്ഥല വിസ്തൃതിയുള്ളതോ പ്രതിദിനം 100 കിലോഗ്രാമിൽ കൂടുതൽ മാലിന്യമുൽപ്പാദിപ്പിക്കുന്നതോ ആയ ഗേറ്റഡ് കമ്മ്യൂണിറ്റികളും സ്ഥാപനങ്ങളും പൊതുവായ ജൈവ - അജൈവ - ആപത്കരമായ ഗാർഹീക - സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങളേർപ്പെടുത്തുകയും പ്രതിദിന ശേഖരണ സംഭരണ കയ്യൊഴിയാൽ സംവിധാനം ഏർപ്പെടുത്തുകയും വേണം.

6. അതാതു തരത്തിലുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വ്യത്യസ്ത അളവിലും നിറത്തിലുമുള്ള ബിന്നുകൾ ഖണ്ഡിക 2 .5 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ക്രമീകരിക്കണം

7. ദ്രവ മാലിന്യ സംസ്കരണത്തിന് സ്ഥാപനതല സംവിധാനങ്ങൾ ഏർപ്പെടുത്തണം

8. ജൈവ മാലിന്യം, സാനിറ്ററി മാലിന്യം, ദ്രവ മാലിന്യം എന്നിവയുടെ സംസ്കരണത്തിന് സ്വന്തം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമെങ്കിൽ ഒന്നിലധികം സ്ഥാപനങ്ങൾക്കോ അസ്സോസിയേഷനുകൾക്കോ കൂട്ടായി പൊതുസംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇത്തരം പൊതു സംവിധാനങ്ങൾക്കാവശ്യമായ നയപരവും സാങ്കേതികവുമായ സഹായം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകും.

9. സ്വകാര്യ സംരംഭകർ നിർമ്മിച്ചിട്ടുള്ള സൗകര്യങ്ങളും അവരുമായി കരാറിലേർപ്പെട്ടുകൊണ്ടു ഉപയോഗിക്കാവുന്നതാണ്.

10. കേന്ദ്ര - സംസ്ഥാന - സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഓഫിസ് സമുച്ചയങ്ങളുടെ

മാലിന്യ പരിപാലനം അവരുടെ ഉത്തരവാദിത്തമായിരിക്കും. ഇതിലേക്കായി ഓരോ ഓഫീസും സ്ഥാപനവും ഒരു ഉത്തവാദിത്തമുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ അറിയിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനം ഇത് നോട്ടീസ് മുഖേന ആവശ്യപ്പെടണം.

11. സാങ്കേതികവും നയപരവുമായ സഹായത്തിനു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്. മാലിന്യം കയ്യൊഴിയുന്നതിനും സേവന ദാതാക്കളെ ലഭ്യമാക്കുന്നതിനും ശുചിത്വ മിഷനേയോ ക്ലീൻ കേരള കമ്പനിയെയോ സമീപിക്കാവുന്നതാണ്.

12. സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള ലൈസൻസ് പുതിയതായി നേടുന്നതിനും നിലവിലുള്ളത് പുതുക്കുന്നതിനും മാലിന്യ പരിപാലനം സംബന്ധിച്ച റിട്ടേൺ നിശ്ചിത ഫാറത്തിൽ അപേക്ഷയോടപ്പം സമർപ്പിക്കേണ്ടതാണ്.

**4.0 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധന**

22/10/2022-ലെ G.O.(Rt) No.2566/2022/LSGD നമ്പർ ഉത്തരവ് മുഖേന രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ്/തദ്ദേശ സ്വയംഭരണ സ്ഥാപനം കൃത്യമായ ഇടവേളകളിൽ വലിയ തോതിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടതും മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കുറ്റകൃത്യം ശ്രദ്ധയിൽ പെട്ടാൽ നിയമം അനുശാസിക്കുന്ന ശിക്ഷ നടപടികളും സ്വീകരിക്കണം.